ഉത്തരം

(എ) 41 ലക്ഷം രൂപ

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

ഫ്ളഡ് റിലീഫ് പദ്ധതി പ്രകാരം റോഡ് പുനരുദ്ധാരണ പണികൾ

28 [2917] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഫ്ളഡ് റിലീഫ്' പദ്ധതി പ്രകാരം അനുവദിച്ച റോഡ് പുനരുദ്ധാരണ പണികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ പ്രതിമാസ യോഗങ്ങൾ നിർദ്ദേശിക്കാമോ;

(സി) ബ്ളോക്ക് പഞ്ചായത്തുകളിൽ ഒഴിഞ്ഞ് കിടക്കുന്ന എഞ്ചിനീയർ, ഓവർസീയർ തസ്തികകളിൽ അടിയന്തിര നിയമനം നടത്താൻ നിർദ്ദേശം നൽകുമോ;

(ഡി) ഫ്ളഡ് റിലീഫ് പ്രവർത്തനങ്ങൾക്കായി 2002-03, 2003-04 വർഷങ്ങളിൽ തുക അനുവദിച്ചെങ്കിലും ഇനിയും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത റോഡുകളുടെ പുനരുദ്ധാരണ പണികൾക്ക് പുതുക്കിയ മരാമത്ത് എസ്റ്റിമേറ്റ് നിരക്കുകൾ പ്രകാരം അധികമായി വേണ്ടിവരുന്ന തുകകൂടി അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ളോക്കു തലത്തിൽ ബി.ഡി.ഒ.-മാരുടെയും, ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരുടെയും അദ്ധ്യക്ഷതയിൽ പ്രതിമാസ യോഗം കൂടി പണികളുടെ പുരോഗതി വിലയിരുത്താൻ സംവിധാനമുണ്ട്.

(ബി) രണ്ടു മാസത്തിലൊരിക്കലെങ്കിലും പുരോഗതി അവലോകനം ചെയ്യേണ്ടതാണ് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(സി) ഒഴിഞ്ഞുകിടക്കുന്ന എഞ്ചിനീയർ, ഓവർസീയർ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇക്കാര്യം സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly